# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :423 — 29.06.2012-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2012-13-ലെ പദ്ധതി രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.നാരായണൻ:<br>ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീ.കെ.വി. വിജയദാസ്:<br>ശ്രീ.ബി.സത്യൻ: | ശ്രീ. കെ.സി.ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2012-13 -ലെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്നാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്; | (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ആദ്യ വർഷ പ്രോജക്ടുകൾ സെപ്റ്റംബർ ഏഴിനകം ഭരണസമിതി അംഗീകാരം വാങ്ങിയാൽ മതിയാകും. |
| (ബി) പ്രസ്തുത രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) 11-ാം പഞ്ചവത്സര പദ്ധതിയിൽ നിന്നും വ്യത്യസ്തമായി 12-ാം പദ്ധതി മുതൽ പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതിയായി തന്നെ നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും നടപടി ക്രമങ്ങളിലും മാറ്റം വരുത്തുന്നത് വിവിധ ചർച്ചകളും, അഭിപ്രായ സമന്വയവും നടത്തി തയ്യാറാക്കിയതിനാലാണ് കാലതാമസം നേരിട്ടത്. |
| (സി) ഈ വർഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിനായി എന്തു തുകയാണ് നീക്കി വെച്ചിട്ടുള്ളത്; ഇതിൽ ആദ്യ ഗഡുവായി എന്തു തുക പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറി എന്നറിയിക്കാമോ? | (സി) 2012-13 സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിനായി 3046.32/- കോടി രൂപ (തനി) വികസന ഫണ്ടിനത്തിൽ നീക്കി വെച്ചിട്ടുണ്ട്. ആദ്യഗഡുവായി 209 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *424 — 29.06.2012 ൽ മറുപടിക്ക്

# കാർഷിക നിരീക്ഷണ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, ഇ. പി. ജയരാജൻ<br>,, എ. കെ. ബാലൻ<br>,, കെ. കെ. ജയചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** സംസ്ഥാനത്തെ കർഷകർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ കാർഷിക നിരീക്ഷണ സമിതികൾ രൂപീകരിക്കുമെന്ന 2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

**(ബി)** ഏതെല്ലാം മേഖലകൾ കേന്ദ്രീകരിച്ചാണ് സമിതികൾ രൂപീകരിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ;

**(സി)** പ്രസ്തുത സമിതികളുടെ ഘടനയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ ; ഈ സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയി ട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

**(എ) യും (ബി) യും (സി) യും** സംസ്ഥാനത്തെ കർഷകർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനു വേണ്ടി മേഖലാടിസ്ഥാനത്തിൽ പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ നിലവിൽ തന്നെ ഓരോ പഞ്ചായത്ത് തല കൃഷി ഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഷിക വികസന സമിതി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാതലത്തിലും ഇത്തരത്തിൽ കാർഷിക വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ട്. മേൽസൂചിപ്പിച്ച രണ്ട് സമിതികളും 2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള കാർഷിക നിരീക്ഷണ സമിതികളുടെ ചുമതലകൾ നിലവിൽ നിർവ്വഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് പ്രത്യേക നിരീക്ഷണ സമിതികൾ രൂപീകരിക്കാതിരുന്നത്.

സെക്ഷൻ ഓഫീസർ